WEDNESDAY 17/09/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU



Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/09/2025

1. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൻറെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻറെയും സംയുക്താഭിമുഖ്യത്തിൽ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ ഫാമുകളുടെ ഒരു ഫാം ഫെസ്റ്റ് 'ഫാം ഫ്യൂഷൻ 25' എന്ന പേരിൽ 2025 സെപ്റ്റംബർ മാസം 17, 18, 19 തീയതികളിൽ നടത്തുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാറിൻറെ അദ്ധ്യക്ഷതയിൽ വാമനപുരം എം.എൽ.എ അഡ്വ.ഡി.കെ മുരളി ഉദ്ഘാടനം നിർവ്വഹിക്കുന്നു. പ്രസ്തുത ഫെസ്റ്റിൽ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഫാം കൗൺസിൽ അംഗങ്ങൾ, കർഷക പ്രതിനിധികൾ എന്നിവർ പങ്കെടുക്കു താണ്. ഫാം ഫെസ്റ്റിൻറെ രണ്ടാം ദിനമായ 18.09.2025 വ്യാഴാഴ്ച **കാർഷിക സെമിനാറിൻറെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിക്കുന്നതാണ്.** ഇതിനോടനുബന്ധിച്ച് കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനായി വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ, പ്രദർശന വിപണന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്റ്റാളുകൾ, ഫാം വിസിറ്റ്, കലാപരിപാടികൾ, കൃഷി അധിഷ്ഠിത വിനോദ വിജ്ഞാന മത്സരങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നു.

2. വാണിജ്യ വാഴകൃഷിയുടെ പ്രധാന നടീൽ കാലത്തോടനുബന്ധിച്ച്, വിവിധ വാഴയിനങ്ങളുടെ മികച്ച ടിഷ്യുകൾച്ചർ തൈകളും, വാഴകൃഷിക്കാവശ്യമായ പ്രധാനപ്പെട്ട എല്ലാ ഉൽപ്പാദനോപാദികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കണ്ണാറ വാഴ ഗവേഷണ കേന്ദ്രം, മണ്ണുത്തിയിലുള്ള കേരള കാർഷിക സർവ്വകലാശാലയുടെ വിപണന **കേന്ദ്രത്തിൽ** (ATIC–ൽ) ത്രിദിന പ്രദർശന-വിപണന മേള സംഘടിപ്പിക്കുന്നു. അഖിലേന്ത്യ-ഏകോപിത ഫലവർഗ്ഗ ഗവേഷണ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന പ്രസ്തുത പ്രദർശനം, വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ബിനു പി ബോണി നിർവ്വഹിക്കും. ഇതോടനുബന്ധിച്ച് കൃഷി ഉദ്യോഗസ്ഥർക്കുള്ള ഏകദിന പരിശീലന പരിപാടി മണ്ണുത്തിയിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ വച്ച് നടത്തുന്നു. ഗവേഷണ വിഭാഗം മേധാവി ഡോ. കെ. എൻ. അനിത് പരിശീലന പരിപാടിയുടെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. മേളയോടനുബന്ധിച്ച് പതിനഞ്ചോളം മുന്തിയ വാഴയിനങ്ങളും, ജൈവ കീട-രോഗ നിയന്ത്രണോപാധികളും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും, വാഴ നാരുല്പന്നങ്ങളും ലഭിക്കുന്നതാണ്.

3. 2025-ൽ റബ്ബർ നട്ടുപിടിപ്പിച്ച കർഷകർക്ക് റബ്ബർ ബോർഡിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾ വ്യക്തമാക്കുന്നതിന് റബ്ബർ ബോർഡ് കോൾ സെന്ററുമായി ബന്ധപ്പെടാം. ഇന്ന് (2025 സെപ്റ്റംബർ 17-ന്) രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെ റബ്ബർ ബോർഡിന്റെ വികസന ഓഫീസർ ശ്രീമതി ചന്ദ്രലേഖ കെ. ഈ വിഷയത്തെക്കുറിച്ചുള്ള സംശയങ്ങൾക്ക് ഉത്തരം നൽകും. കോൾ സെന്റർ നമ്പർ 0481-2576622 ആണ്.

4. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ പ്ലാന്റ് പതോളജി ഡിവിഷനിൽ 'സീനിയർ റിസേർച്ച് ഫെല്ലോ'യെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തുപരീക്ഷയും വാക്ക്ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർ അഗ്രിക്കൾച്ചറിലോ

ff



Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബോട്ടണിയിലോ പ്ലാന്റ്സയൻസിലോ ബിരുദാനന്തരബിരുദം ഉള്ളവരും മോളിക്കുലാർ പ്ലാന്റ്പതോളജിയിൽ കുറഞ്ഞത് മൂന്നുവർഷത്തെ ഗവേഷണ പരിചയവും ബിഗ്ഡാറ്റ അനാലിസിസ്, കംപാരിറ്റീവ് ഒമിക്സ് അനാലിസിസ്, പ്ലാന്റ്പതോജൻ ഇന്ററാക്ഷൻ സ്റ്റഡീസ്, ക്യൂ. ആർ. ടി.– പി. സി. ആർ. (QRT-PCR) അനാലിസിസ് എന്നിവയിൽ പ്രായോഗികപരിജ്ഞാനമുള്ളവരും ആയിരിക്കണം. അപേക്ഷകർക്ക് 2025 സെപ്റ്റംബർ 01–ന് 35 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 സെപ്റ്റംബർ 30–ാം തിയതി രാവിലെ 9.30–ന് ഡയറക്ടർ (റിസേർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം–686009 മുമ്പാകെ ഹാജരാകണം. കൂടുതൽവിവരങ്ങൾക്ക് 0481–2353311 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ മുഴുവൻ വളർത്തുനായ്ക്കളെയും പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി ഇന്ന് സെപ്തംബർ 17–ന (17.09.2025) പനയംകോട്, കിള്ളികുരിശടി, കിള്ളി എൻ.എസ്.എസ്. കരയോഗം, പുതുവയ്ക്കൽ, കട്ടയ്ക്കോട് (അംഗനവാടി), കൊറ്റംകുഴി എന്നീ കേന്ദ്രങ്ങളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ വെച്ച് നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. നായ ഒന്നിന് വാക്സിനേഷൻ ചാർജ്ജായി 55 രൂപ (രൂപ അൻപത്തിഅഞ്ച് മാത്രം) വീതം നൽകേണ്ടതാണെന്ന് കാട്ടാക്കട സീനിയർ വെറ്റിനറി സർജൻ അറിയിച്ചു.

## പരിശീലന പരിപാടി

6. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17,18 തീയതികളിൽ **"വ്യാവസായികാടിസ്ഥാനത്തിലുള്ള പശുവളർത്തൽ"** എന്ന വിഷയത്തിലും, 20 ന് കാട വളർത്തൽ എന്ന

വിഷയത്തിലും, പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

## കാർഷിക നിർദേശം

കുരുമുളക് കായ്ക്കുന്ന സമയം പൊള്ളു കീടവും രോഗവും – മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക.

രോഗം കാണുകയാണെങ്കിൽ അഞ്ചു ലിറ്റർ വെള്ളത്തിനു ഹെക്സകൊണസോൾ കുമിൾ നാശിനി അഞ്ചു മില്ലിയും സൈഹാലോത്രിൻ മൂന്ന് മില്ലിയും വീതം ചേർത്ത് തയ്യാറാക്കിയ ലായനി തളിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം